M 8829

Reg. No.: ..............................

Name : ..............................

# II Semester B.A./B.Sc. Degree Examination, May 2015
## (CCSS – 2014 Admn. – Regular)
## COMMON COURSE IN MALAYALAM
## 2 A 08 MAL : ഗദ്യരൂപങ്ങൾ

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ഇതിഹാസകൃതികളെ യുക്തിബോധത്തോടെ അവലോകനം ചെയ്യുന്നതിൽ മാരാർക്കുള്ള പാടവം 'വാൽമീകിയുടെ രാമനെ' മുൻനിർത്തി വിശദീകരിക്കുക.

2) സി. എൻ. ശ്രീകണ്ഠൻനായരുടെ രാമായണ വ്യാഖ്യാനങ്ങളാണ് അദ്ദേഹത്തിന്റെ പ്രധാന മൂന്നു നാടകങ്ങളും – ചർച്ച ചെയ്യുക.

3) 'എന്മകജെ' എന്ന നോവൽ, ഒരു ദേശത്തിന്റെ മിത്തും യാഥാർത്ഥ്യവും അടയാളപ്പെടുത്തുന്നതിനോടൊപ്പം അവിടുത്തെ പാരിസ്ഥിതിക ഇടപെടലുകളെയും രേഖപ്പെടുത്തുന്നു. – വിശദീകരിക്കുക.

4) 'ഡോ. വി. പി. ഗംഗാധരന്റെ അനുഭവങ്ങൾ വായിച്ചപ്പോഴുണ്ടായ നിങ്ങളുടെ അനുഭവങ്ങൾ സന്ദർഭങ്ങൾ അവതരിപ്പിച്ച് വിവരിക്കുക. **(2×7=14)**

II. **നൂറമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) ''എന്നിരിക്കിലും സീതയുടെ പാതിവ്രത്യം എപ്രകാരം ലോകോത്തരമെന്നു പ്രശംസിക്കപ്പെടുന്നുവോ, അപ്രകാരം തന്നെ പ്രശംസർഹമാണോ രാമന്റെ ഏകപത്നീവ്രതവും'' – മാരാരുടെ നിരീക്ഷണം പരിശോധിക്കുക.

6) ''പുഷ്പകവിമാനം വീണ്ടെടുക്കാൻ വൈശ്രവണൻ വന്നാൽ വിഭീഷണൻ കൊടുക്കുമോ ?'' – ചോദ്യത്തിന്റെ സാന്ദർഭികമായ പ്രസക്തി വിശദീകരിക്കുക.

7) എൻഡോസൾഫാൻ വിരുദ്ധപോരാട്ടങ്ങളിലെ പ്രതിനിധികളായി 'എന്മകജെ' എന്ന നോവലിൽ കടന്നു വരുന്ന കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.

8) ''ചെല്ലൂ, കുട്ടികൾ കാത്തിരിക്കുന്നു. അവരെ വിഷമിപ്പിക്കണ്ട, ചെന്ന് ഊണ് കഴിക്കൂ'' എന്ന് ഡോക്ടർ പറഞ്ഞതിന്റെ സന്ദർഭം വിശദീകരിക്കുക.

9) അച്ഛൻ മരിച്ച സത്യം മകളോട് പറയുന്ന ഡോക്ടറുടെ അനുഭവം വിവരിക്കുക.

10) ''ലങ്കാലക്ഷ്മി എന്ന നാടകത്തിലെ ഏറ്റവും ഹൃദയസ്പൃക്കായ ഭാവം ഉൾക്കൊള്ളുന്ന കഥാപാത്രമാണ് സുപാർശ്വൻ'' – പരിശോധിക്കുക. **(4×3=12)**

III. നൂറു വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) ''നാം ഉറ്റബന്ധുക്കൾ മാത്രമേ ഇപ്പോൾ സഭയിലുള്ളൂ. തുറന്നു പറയാൻ മടിക്കേണ്ടതില്ല. അശുഭത്തിന്റെ നിഴൽ വീശിയിട്ടില്ലേ എന്നു സംശയിക്കണം'' – സന്ദർഭം വിശദീകരിക്കുക.

12) ''ആത്മനാശത്തിനുള്ള ആയുധം അറിഞ്ഞുകൊണ്ട് അച്ഛൻ ശത്രുവിന് സമ്മാനിച്ചതാണ് '' – സമ്മാനിച്ച ആയുധം എന്താണ് ? വിശദീകരിക്കുക.

13) 'ബുദ്ധഭഗവാൻ തനിക്കു തത്ത്വബോധമുദിച്ചതിനുശേഷം, ലോകസംഗ്രഹണത്തിനാണെന്നോ മറ്റോ ഒഴികഴിവു പറഞ്ഞ്, തന്നേയും കാത്തു കിടന്നിരുന്നരാജ്യാധികാരത്തെ ഏറ്റെടുക്കുകയുണ്ടായില്ലല്ലോ ?' – മാരാർ ഇങ്ങനെ നിരീക്ഷിക്കുന്നത് എന്തിനുവേണ്ടി ?

14) ''എനിക്കൊന്നും ആലോചിക്കാനില്ല ഡോക്ടർ. എന്ത് ചെലവ് വന്നാലും ഞാൻ ദേവിയെ ചികിത്സിപ്പിക്കും'' – ആരുടെ വാക്കുകൾ ? സന്ദർഭമെന്ത് ?

15) 'എൻമകജെ'യിലെ കഥാപാത്രങ്ങളും പ്രകൃതിയും തമ്മിലുള്ള ബന്ധമെന്ത് ?

16) സ്ത്രീപക്ഷവായനക്ക് 'എൻമകജെ' എന്ന നോവലിലുള്ള സാധ്യത വിശദീകരിക്കുക. **(4×2=8)**

IV. **ഒറ്റ**വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) ശ്രീകണ്ഠൻ നായരുടെ രാമായണ നാടകങ്ങൾ ഏതെല്ലാം ?

18) 'എനിക്കിനി പഴയപോലെ നടക്കാൻ പറ്റ്വോ അങ്കിൾ' – ആരാണിങ്ങനെ ചോദിക്കുന്നത് ? ആരോട് ?

19) എൻമകജെ എന്ന വാക്കിന്റെ അർത്ഥമെന്ത് ?

20) 'ഭാരതപര്യടനം' എന്ന കൃതി ആരെഴുതിയതാണ് ?

21) "ഇവിടെ വന്നിരുന്ന് ഈ നേരാകുമ്പോൾ ഞാൻ അവളെ കാണും. വിശേഷ ങ്ങളൊക്കെ പറഞ്ഞിട്ട് തിരിച്ചുപോകും" – ആരുടെ വാക്കുകൾ ?

22) രാമന്റെ മുമ്പിൽ വിവാഹപ്രാർത്ഥനയുമായി ചെന്ന അപരിചിത സുന്ദരി ആര് ?

23) ദ്വിജേന്ദ്രലാൽ റോയിയുടെ ഏത് നാടകത്തിലാണ് രാമന് കൊള്ളരുതാത്തവൻ എന്ന അർത്ഥം കൊടുത്തതായി മാരാർ പറയുന്നത് ?

24) 'മയൻ എവിടെപ്പോയാലെന്ത് ? ഇതോ ശില്പനിർമ്മിതിക്കവസരം ?" എന്ന് ചോദിക്കുന്നതാര് ? **(6×1=6)**

---